**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1769** **31-08-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ നിന്ന് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിവിധ ചികിത്സാ സഹായങ്ങൾക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ചികിത്സാ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ ആകെ സഹായം ലഭിച്ചവരുടെ എണ്ണവും ഏതെല്ലാം ചികിത്സകൾക്ക് എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ശ്രുതിതരംഗം പദ്ധതി, വീകെയർ പദ്ധതി, മെയിന്റനൻസ് പദ്ധതി, ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി) എന്നീ ചികിത്സാ സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ചികിത്സാ സഹായങ്ങൾക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | ഇനി എത്ര അപേക്ഷകൾ തീരുമാനമെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (ബി) | ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവ സംബന്ധിച്ച വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – I

1. ശ്രുതിതരംഗം പദ്ധതി – ശ്രുതിതരംഗം പദ്ധതിയിൽ വാമനപുരം മണ്ഡലത്തിൽ നിന്ന് ഒരു അപേക്ഷ ലഭിക്കുകയും പ്രസ്തുത അപേക്ഷയിന്മേൽ കുട്ടിയ്ക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കുള്ള ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ആകെ 4,29,218/–രൂപ ചെലവഴിച്ചിട്ടുണ്ട്.

2. മെയിന്റനൻസ് പദ്ധതി – ഈ പദ്ധതിയിൽ വാമനപുരം മണ്ഡലത്തിൽ നിന്നും 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ 31/03/2022 ന് സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. വീകെയർ പദ്ധതി – വീകെയർ പദ്ധതിയ്ക്ക് ലഭിച്ച അപേക്ഷകളുടെ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. എന്നാൽ വീകെയർ പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ 342 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ ലഭിച്ച 342 അപേക്ഷകളിൽ 77 അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി 1,23,75,199/– രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി). – മിഠായി പദ്ധതിയ്ക്കായി തിരുവനന്തപുരം ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ ലഭിച്ച 235 അപേക്ഷകളിൽ 156 പേർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ചികിത്സയ്ക്കായുള്ള മരുന്നുകളും ഉപകരണങ്ങളും ആണ് നൽകി വരുന്നത്.

# അനുബന്ധം -II

1. ശ്രുതിതരംഗം പദ്ധതി - ശ്രുതിതരംഗം പദ്ധതിയ്ക്കായി വാമനപുരം മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ തീർപ്പ് കല്പ്പിക്കുവാനുള്ള അപേക്ഷകൾ ഒന്നും തന്നെയില്ല.

2. മെയിന്റനൻസ് പദ്ധതി - പ്രസ്തുത പദ്ധതിയിൽ വാമനപുരം മണ്ഡലത്തിൽ നിന്നും ലഭിച്ച 3 അപേക്ഷകൾ 31/03/2022-ൽ കൂടിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3. വീകെയർ പദ്ധതി - വീകെയർ പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ ലഭിച്ച 342 അപേക്ഷകളിൽ 265 അപേക്ഷകൾ തീർപ്പ് കല്പിക്കാനായുണ്ട്. ടി അപേക്ഷകൾ ആനുകൂല്യം അനുവദിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലായി പരിശോധിച്ച് വരുന്നു

4. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി). - തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 77 അപേക്ഷകൾ ഇനിയും തീർപ്പ് കൽപ്പിക്കുവാനുണ്ട്. ടി അപേക്ഷകൾ ആനുകൂല്യം അനുവദിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലായി പരിശോധിച്ച് വരുന്നു. 2 അപേക്ഷകൾ പരിഗണിക്കാൻ സാധിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്.